പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2018-2019)**

**THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2018-2019)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

മൂന്നാമത് റിപ്പോർട്ട്

(2018-2019)

THIRD REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2018-2019)

239/2018.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

## സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. സി. മൊയ്തീൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും

കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 14, 15 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരിമാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2018, ഫെബ്രുവരി 19.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് - 159577.04 ലക്ഷം രൂപ

ചാർജ് ചെയ്തത് - ഇല്ല

2851-00-004-99—വാണിജ്യ വികസനം.

ബഡ്ജറ്റ് വിഹിതം : 440 ലക്ഷം രൂപ (പ്ലാൻ)

1. വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് പ്രേരക ശക്തിയായി പ്രവർത്തിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും സർക്കാരിന്റെ നികുതി വരുമാനം മെച്ചപ്പെടുത്താമെന്ന് സമിതി അഭിപ്രായപ്പെടുന്നു. വാണിജ്യ വികസനം എന്ന ലക്ഷ്യം മുൻനിർത്തി പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-101-96—വ്യവസായ എസ്റ്റേറ്റുകൾ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 55 ലക്ഷം രൂപ (പ്ലാൻ)

2. വാർഷിക നവീകരണ ചെലവുകൾ, സ്റ്റേറ്റ് ഓഫ് ദി ആർട്ട്പ്ലാന്റ് & മെഷീനറി എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപ്പെടെ നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും, നവീകരണത്തിനും വാർഷിക മെയിന്റനൻസിനുമായി 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-95-33 —കൈത്തറിത്തുണി വിൽപ്പനയിലെ റിബേറ്റ്-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 890 ലക്ഷം രൂപ (നോൺ പ്ലാൻ)

3. 4-12-2017 വരെ കൈത്തറി തുണി വില്പനയ്ക്ക് റിബേറ്റ് അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 20.47 കോടി രൂപയുടെ അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ നോൺ പ്ലാൻ ഇനത്തിൽ 2000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-86—<u>പൊതു പ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ)

4. കരകൗശല മേഖലയിൽ 11 ക്ലസ്റ്ററുകൾ വിവിധ ഘട്ടങ്ങളിൽ പ്രവർത്തന പുരോഗതിയിലാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 85 ലക്ഷം രൂപ മേൽ പറഞ്ഞവയിൽ 2 ക്ലസ്റ്ററുകൾക്ക് പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. 2018-19 സാമ്പത്തികവർഷം ഇത്തരത്തിൽ ചുരുങ്ങിയത് 5 കരകൗശല ക്ലസ്റ്ററുകൾക്ക് കൂടിയെങ്കിലും പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകേണ്ടതുണ്ട് എന്നതിനാൽ <u>മേൽ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-104-76—<u>മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : 120 ലക്ഷം രൂപ (പ്ലാൻ)

5. സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും, ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>മേൽശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-104-74—<u>കരകൗശല തൊഴിലാളികൾക്കുള്ള സഹായ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

6. കരകൗശല തൊഴിലാളികൾക്കുള്ള സഹായ (ആശ) പദ്ധതിക്ക് ഉചിതമായ പരിഗണന നൽകണമെന്നും കരകൗശല മേഖലയിലെ ആർട്ടിസാന്മാർ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വളരെ താൽപ്പര്യം കാണിക്കുന്ന സാഹചര്യത്തിൽ അവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ പിന്തുണ നൽകാനും സ്ത്രീ സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകാനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>15 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-105-99-31—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഭരണപരമായചെലവുകൾ - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 4217.55 ലക്ഷം രൂപ (നോൺ പ്ലാൻ)

7. ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവുംമൂലമുണ്ടായ അധികചെലവ്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ കണക്കാക്കുമ്പോൾ ഖാദിഗ്രാമബോർഡിന് അനുവദിച്ച തുക കുറവാണെന്നും കൂടാതെ ഈ ഇനത്തിലെ തുക കുറവായിരുന്നതിനാൽ ബോർഡ് 1991 മുതൽ വകമാറ്റി ചെലവഴിച്ച തുക കൂടി ചേർത്ത് ആകെ 10039.95 ലക്ഷം രൂപ ബോർഡിന് ബാധ്യത ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 1000 ലക്ഷം രൂപ എങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1500 ലക്ഷം രൂപ (നോൺ പ്ലാൻ)

8. സംസ്ഥാനത്തെ ഖാദി ചില്ലറ വിൽപ്പന കണക്കാക്കുമ്പോൾ റിബേറ്റിനായി അനുവദിച്ച തുക കുറവാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിന് പുറമേ 70 ദിവസം ഉത്സവ കാലങ്ങളായി കണക്കാക്കി 10% അധിക റിബേറ്റ് ഖാദി ചില്ലറ വിൽപ്പനയ്ക്ക് നൽകി വരുന്നുണ്ട്. ഇതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ റിബേറ്റിനത്തിൽ 2490 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-95—കേരള ഖാദി തൊഴിലാളി ക്ഷേമനിധി

ബഡ്ജറ്റ് വിഹിതം : 44.95 ലക്ഷം രൂപ (നോൺ പ്ലാൻ)

9. കേരള ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് പെൻഷനും ആനുകൂല്യങ്ങളും നൽകുന്ന ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ സർക്കാർ വിഹിതം ഇനത്തിൽ 878.02912 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-87—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

10. ഖാദി വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 185 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 280 ലക്ഷം രൂപ (പ്ലാൻ)

11. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി വിലയിരുത്തുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും ആകെ പദ്ധതി ചെലവിന്റെ 90-95 ശതമാനം വരെ തുക ബാങ്ക് വായ്പയും 5-10 ശതമാനം വരെ തുക ഗുണഭോക്തൃവിഹിതവും ആയിരിക്കണമെന്നും ആയതിൽ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-73 —ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

12. നെയ്ത്തുകാർക്ക് 180 പൈസ നിരക്കിലും നൂൽപ്പുകാർക്ക് 60 പൈസ നിരക്കിലും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും ഉത്സവ കാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം, കേരളത്തിലെ ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 13600-ഓളം ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഉത്സവകാല ഇൻസെന്റീവ് വിതരണം ചെയ്യേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. 2018-2019 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-72—വകപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

13. വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-71—വകപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 165 ലക്ഷം രൂപ (പ്ലാൻ)

14. ഖാദി മേഖലയിൽ സോളാർ എനർജി ഉപയോഗപ്പെടുത്തി ചർക്കകളിലും തറികളിലും നെയ്ത്ത് അനുബന്ധ ഉപകരണങ്ങളിലും ഭാഗിക യന്ത്രവൽക്കരണം നടപ്പാക്കി ഉൽപ്പാദന വർദ്ധനവ് ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് ഉയർന്ന വേതനം ലഭ്യമാക്കുന്നതിനുമായുള്ള പദ്ധതിക്ക് 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-69—സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 432 ലക്ഷം രൂപ (പ്ലാൻ)

15. സംസ്ഥാനത്തെ 14 ജില്ലകളിലെയും 2 പഞ്ചായത്തുകളിൽ വീതം വർഷം തോറും 1000 പേർക്ക് പുതുതായി ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 118 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66-(02)—ഖാദി ഗ്രാമ വ്യവസായ വികസനം-വാർത്താവിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

16. ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66-(03)—ഖാദി ഗ്രാമ വ്യവസായ വികസനം-ഖാദി ബോർഡ് കമ്പ്യൂട്ടർ വൽക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

17. ഖാദി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടത്തിവരുന്ന കമ്പ്യൂട്ടർവൽക്കരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-65—പരുത്തി സംസ്കരണ യൂണിറ്റ്, കൊല്ലം

ബഡ്ജറ്റ് വിഹിതം : 136 ലക്ഷം രൂപ (പ്ലാൻ)

18. സംസ്ഥാനത്തെ മുഴുവൻ നൂൽപ്പ് കേന്ദ്രങ്ങൾക്കും ആവശ്യമായ സ്ലൈവർ, കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പ്രവർത്തിക്കുന്ന സ്ലൈവർ പ്രോജക്ടിൽ നിന്നും യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തെക്കൻ മേഖലകളിൽ സുഗമമായി സ്ലൈവർ വിതരണം ചെയ്യുന്നതിനായി കൊല്ലം ജില്ലയിൽ ഒരു മിനി കോട്ടൺ പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-95—വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും

ബഡ്ജറ്റ് വിഹിതം : 970 ലക്ഷം രൂപ (പ്ലാൻ)

19. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആഭ്യന്തര, അന്തർദേശീയ മേളകൾ സംഘടിപ്പിക്കുന്നതിനും അതുവഴി കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പരസ്യ പ്രചാരണങ്ങൾ നടത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ 500 വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായി ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കുന്നതിന് അധിക തുക ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-93 —ക്ഷേമ നടപടികൾ - കയർ തൊഴിലാളി പെൻഷൻ

ബഡ്ജറ്റ് വിഹിതം : 8412 ലക്ഷം രൂപ (നോൺ പ്ലാൻ)

20. കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതം 2011-12 വരെ പ്ലാൻ ഇനത്തിലാണ് വകയിരുത്തിയിരുന്നതെന്നും 2012-2013 മുതൽ പ്രസ്തുത തുക നോൺ പ്ലാൻ ഇനത്തിലാണ് വകയിരുത്തുന്നതെന്നും ഇത് പ്രതിമാസം 1000 രൂപ വീതം പെൻഷൻ, കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, കുടിശ്ശിക, വിരമിക്കൽ ആനുകൂല്യം എന്നിവ നൽകാനും മറ്റു ക്ഷേമ പദ്ധതികൾ നടപ്പാക്കാനും ഉപയോഗിക്കുന്നുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം ഇതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 963 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-92-02—വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായപദ്ധതി) - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 800 ലക്ഷം രൂപ (പ്ലാൻ)

21. ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന സഹായമായി വിപണന വികസന പദ്ധതി (എം.ഡി.എ.)യുടെ 50% സംസ്ഥാനം വഹിക്കുന്നതിനും പ്രചാരണം, നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് നൽകൽ എന്നിവ ഉൾപ്പെടെ നൂതന വിപണന തന്ത്രങ്ങൾ, ഇ-കൊമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് ഭാരത സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് വിപണി വികസന സഹായ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-67—കയർ ജിയോ ടെക്സ്റ്റൈൽസ് വികസനത്തിനും വിപണനത്തിനും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ)

22. കയർ കേരള 2017-ൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ പദ്ധതികളിൽ കയർ ഭൂവസ്ത്ര പദ്ധതിയുടെ ധാരണാപത്രം ഒപ്പുവച്ചത് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിനായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-54—ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം

ബഡ്ജറ്റ് വിഹിതം : 400 ലക്ഷം രൂപ (പ്ലാൻ)

23. കയർ മേഖലയിൽ 303.56114 ലക്ഷം രൂപയുള്ള ധനസഹായത്തിനായുള്ള അപേക്ഷകൾ കുടിശ്ശികയുള്ളതിനാൽ ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-35—കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

24. സർക്കാർ പ്രോജക്ട്തല സമിതികൾ രൂപീകരിച്ച് ഉത്തരവായ സാഹചര്യത്തിൽ സമിതികളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ഈ പദ്ധതിയിൽനിന്നും ഫണ്ട് വിനിയോഗിക്കുന്നതാണെന്നും കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും ഈ സമിതി പ്രവർത്തിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രോജക്ട്തല സമിതികളുടെ സുഗമമായ നടത്തിപ്പിന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-34—വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 4500 ലക്ഷം രൂപ (പ്ലാൻ)

25. കയർഫെഡ് ക്ലെയിം കുടിശ്ശികയുള്ളതിനാലും കയർ ഭൂവസ്ത്രം സംഭരിക്കുന്നതിന് കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോംമിൽ എന്നിവയ്ക്ക് പ്രവർത്തന മൂലധനം ആവശ്യമുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-26—<u>കയർ ഉല്പാദിപ്പിക്കുന്ന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും</u>

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

26. സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനും മാനേജീരിയൽ സബ്സിഡി നൽകിക്കൊണ്ടും കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽപേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് ആധുനികവൽക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സപ്പോർട്ട് സ്കീം പ്രകാരം ഫണ്ട് നൽകിക്കൊണ്ടും നടപ്പാക്കുന്ന ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>മേൽ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2852-08-600-90—<u>ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും</u>

ബഡ്ജറ്റ് വിഹിതം : 715 ലക്ഷം രൂപ (പ്ലാൻ)

27. കശുമാവ് കൃഷി വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മിഷൻ മാനേജ്മെന്റിനായി 60 ലക്ഷം രൂപയും കശുമാവിൻ തൈകളുടെ ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് ആന്റ് അൺലോഡിംഗ് എന്നിവയുടെ ആവശ്യത്തിനായി 35 ലക്ഷം രൂപയും 2016-2017 സാമ്പത്തിക വർഷം തൈകൾ അനുവദിച്ച കർഷകർക്ക് സബ്സിഡി അനുവദിക്കുന്നതിന് 175 ലക്ഷം രൂപയും മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി 10 ലക്ഷം രൂപയും കർഷക കൂട്ടായ്മ രൂപീകരണത്തിനും ജില്ലാതലത്തിൽ കാഷ്യൂ ഫാർമേഴ്സ് മാർക്കറ്റ് സ്ഥാപിക്കുന്നതിനുമായി 15 ലക്ഷം രൂപയും കെ.എസ്.സി.ഡി.സി.ക്ക് കൂടുതലായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 295 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2852-08-600-81—ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

28. ആഗോള ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിലൂടെ ആഭ്യന്തര വിപണിയിലും ആഗോള വിപണിയിലും കാപ്പെക്സിന്റെ വിറ്റു വരവ് കൂടുതലായി നേടുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. 2011-12 മുതൽ 2015-16 വരെ കാപ്പെക്സിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-101-87—പി.പി.പി. രീതിയിലുള്ള ഇൻഡസ്ട്രിയൽ പാർക്ക് / ഏരിയ / എസ്റ്റേറ്റ് എന്നിവയുടെ വികസനം.

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ (പ്ലാൻ)

30. സ്വകാര്യ നിക്ഷേപകരെ ആകർഷിച്ചുകൊണ്ട് വ്യവസായ പാർക്ക്/ പ്ലോട്ട്/ എസ്റ്റേറ്റ് എന്നിവയുടെ വികസനത്തിനായി പി.പി.പി. മോഡലിൽ പശ്ചാത്തല സൗകര്യം ഒരുക്കുവാനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ)

31. സംസ്ഥാന കരകൗശല മേഖലയുടെ വികസനത്തിനായി എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെൽപാം, ബാംബൂ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 450 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-106-98—കയർ ഡയറക്ടറേറ്റിനുള്ള പുതിയ കെട്ടിട നിർമ്മിതി

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

32. കയർ വികസന വകുപ്പിന് കീഴിൽ 14 ജില്ലകളിൽ 10 പ്രോജക്ട് ഓഫീസുകളും 42 സർക്കിളുകളും പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ മിക്ക ഓഫീസ് കെട്ടിടങ്ങളും വളരെയധികം പഴക്കം ചെന്നതും അടിയന്തരമായി നവീകരണം നടത്തേണ്ടതുമാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-195-99—കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 800 ലക്ഷം രൂപ (പ്ലാൻ)

33. കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി (കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ) ജോലി നൽകുന്നതിനായുള്ള പ്രവർത്തന മൂലധനമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 3000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4860-60-190-94—കെ.എസ്.സി.ഡി.സി.-യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

34. 2017 വരെ കെ.എസ്.സി.ഡി.സി.-യിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 6848 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. 2014 ജൂൺ മുതൽ 2016 ജൂലൈവരെയുള്ള ഇ.പി.എഫ്.കുടിശ്ശിക (തൊഴിൽ ഉടമ വിഹിതം) നൽകുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് 605 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. കശുവണ്ടി വികസന കോർപ്പറേഷൻ വാടകയ്ക്ക് നടത്തിവരുന്ന 20 ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വാടക ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർ നിശ്ചയിച്ച് നൽകിയ വില നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിന് 6205 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. 1970-71 മുതൽ വാണിജ്യനികുതി വകുപ്പുമായി കശുവണ്ടി വികസന കോർപ്പറേഷൻ തർക്കത്തിലായിരുന്ന തുക സംബന്ധിച്ച് 2016-ലെ ആംനെസ്റ്റി പ്രകാരം 1599 ലക്ഷം രൂപ അടച്ചുതീർക്കുന്നതിലേക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 1599 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിനായി പ്രവർത്തനമൂലധനമായി 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-01-200-95—കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ബഡ്ജറ്റ് വിഹിതം : 11825 ലക്ഷം രൂപ (പ്ലാൻ)

39. കേന്ദ്ര സഹായത്തിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതം നിലനിർത്തിക്കൊണ്ട് ചേർത്തലയിലെ മെഗാഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലേക്കുള്ള പശ്ചാത്തല സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം, റോഡുകളുടെ നിർമ്മാണം, ഡ്രെയിനേജ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിന് 2183 ലക്ഷം രൂപയും ജലവിതരണം, വൈദ്യുതി വിതരണം എന്നീ ആവശ്യങ്ങൾക്കായി 1517 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. കുറ്റ്യാടിയിലെ നാളികേര വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ, ഭൂവികസനം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യ വൽക്കരണത്തിനും ഉള്ള തുക

ബഡ്ജറ്റ് വിഹിതം : 5785 ലക്ഷം രൂപ (പ്ലാൻ)

42. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 36,057 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി വിവിധ നവീകരണ/വിപുലീകരണ/ആധുനികവത്കരണ പദ്ധതികൾ നടപ്പിലാക്കിവരികയാണെന്നും ഈ പദ്ധതികൾ നടപ്പിലാക്കി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രവർത്തന മൂലധനം ലഭ്യമാകുന്നതുവരെ ആയത് നൽകേണ്ടത് ഇവയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി 3000 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-109-74—കേരള സംസ്ഥാന സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷൻ

ബഡ്ജറ്റ് വിഹിതം : 2500 ലക്ഷം (പ്ലാൻ)

44. ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ എൻ.സി.ഡി.സി. ആധുനികവൽക്കരണ പദ്ധതി പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 52.27 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-90—കേരള സംസ്ഥാന ചെറുകിട വ്യവസായിക കോർപ്പറേഷനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 700 ലക്ഷം രൂപ (പ്ലാൻ)

45. കേരള സംസ്ഥാന ചെറുകിട വ്യവസായിക കോർപ്പറേഷന്റെ (സിഡ്കോ) പാപ്പനംകോട് (2 യൂണിറ്റ്), ഉമയനല്ലൂർ, ഒല്ലൂർ, കോഴിക്കോട് എന്നീ അഞ്ച് പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 995 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-86—കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

46. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഉല്പാദന യൂണിറ്റായ ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനീകരണത്തിനും വിപുലീകരണത്തിനും ചുവടെ ചേർക്കുംവിധം തുക അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

| നമ്പർ | പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ബാംബൂ പ്ലൈ മുറിക്കുന്നതിനായി ഒരു പുതിയ സെമി ഓട്ടോമെറ്റിക് ട്രിമ്മിംഗ് മെഷീനും അതിനോടൊപ്പം ഡസ്റ്റ് എക്സ്ട്രാക്ഷൻ സിസ്റ്റവും വാങ്ങുന്നതിന് | 10.00 |
| 2 | ബാംബൂ പ്ലൈ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ ഫിനോൾ സൂക്ഷിക്കുന്നതിനുള്ള ടാങ്ക് വാങ്ങുന്നതിന് | 20.00 |
| 3 | ഫാക്ടറിയിലെ ഉല്പാദനത്തിനാവശ്യമായ ചിരട്ട സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിക്കുന്നതിന് | 80.00 |
| 4 | ബാൻഡ് ഡ്രയറിന്റെ 3 കൺവെയർ ബാൻഡ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | 10.00 |
| 5 | ഒരു കൂളിംഗ് ടവറും 3 മൈൽഡ് സ്റ്റീൽ ടാങ്കും നിർമ്മിക്കുന്നതിന് | 30.00 |
| 6 | 3 യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രം നിർമ്മിക്കുന്നതിന് | 50.00 |
| 7 | പനമ്പ് കേട്ട കൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഗോഡൗൺ നിർമ്മിക്കുന്നതിന് | 40.00 |
| | **ആകെ** | **240.00** |

മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 240 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-01-190-99—കേരള സംസ്ഥാന മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ (കെ.എം.ഡി.എൽ.)

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

47. കേരള സംസ്ഥാന മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് ഖനനം നടത്തുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 2700 ലക്ഷം രൂപ (പ്ലാൻ)

48. 2018-19 സാമ്പത്തിക വർഷം എൽ.വി.പി., എസ്.വി.പി, പി.എഫ്.എസ്., ഒഫ്താൽമിക് മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും 2700 ലക്ഷം രൂപ കൂടി

ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം ക്യാൻസർ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 2000 ലക്ഷം രൂപ കൂടി അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 4700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-96—കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

49. കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ യൂണിറ്റിൽ ഇലക്ട്രിക്കൽ വാഹനങ്ങളുടെ മോട്ടോറുകളുടെ ഉത്പാദനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. കെൽ, മാമല യൂണിറ്റിലെ സ്ട്രക്ചറൽ ഡിവിഷന്റെ ആധുനികവൽക്കരണത്തിനും ടാങ്ക് ഫാബ്രിക്കേഷൻ ഷോപ്പ് സിവിൽ ആന്റ് സ്ട്രക്ചറൽ പ്രോജക്ടുകളുടെ കൺസൽട്ടൻസി വിഭാഗം എന്നിവയുടെ പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-94—യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

51. പ്രീപെയ്ഡ് എനർജി മീറ്റർ, സ്മാർട്ട് മീറ്റർ, ഗ്യാസ് മീറ്റർ എന്നിവയുടെ ഉത്പാദനത്തിന് 500 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-03-190-99—കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീ വീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

52. ഇലക്ട്രിക്കൽ ആട്ടോറിക്ഷയുടെ നിർമ്മാണത്തിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-60-190-95—ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

53. ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ലാഭം കുറവായതിനാൽ കമ്പനി പ്രവർത്തിക്കുന്നത് നഷ്ടത്തിലാണെന്നും ആസ്തി വികസനത്തിനുള്ള ഫണ്ട് കണ്ടെത്താൻ സാധ്യമല്ലെന്നും കമ്പനിയുടെ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്ങ്സ് ലിമിറ്റഡും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡും തമ്മിൽ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി 3T ഹാമറും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 1124 ലക്ഷം രൂപ, RIAB-ന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള HSRP പദ്ധതി നടപ്പാക്കുന്നതിന് 820 ലക്ഷം രൂപ, ഫാക്ടറി മേൽക്കൂര പുനരുദ്ധാരണത്തിന് 50 ലക്ഷം രൂപ, ഓഫീസ് ബിൽഡിംഗ് പുനരുദ്ധാരണത്തിന് 9 ലക്ഷം രൂപ, KAMCO, SIFL Athani, Cochin Refinery, BPCL മുതലായവർക്ക് ആവശ്യമായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2303 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-60-190-84—സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

54. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ അസംബ്ലി സൗകര്യങ്ങളോടു കൂടിയ മെഷീനിംഗ് ഷോപ്പിന്റെ വിപുലീകരണത്തിന് 6860-60-190-84 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും മേൽ ശീർഷകത്തിൽ ഇതേ ആവശ്യത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 6860-60-190-84 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 6858-60-190-84 എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകണമെന്നും കൂടാതെ കമ്പനിയുടെ ആധുനികവൽക്കരണത്തിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി 1100 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 6500 ലക്ഷം രൂപ (പ്ലാൻ)

55. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിന് 250 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന് ആധുനികവൽക്കരണത്തിന് നന്ദകുമാർ കമ്മിറ്റി റിപ്പോർട്ട് ശിപാർശ ചെയ്തിരിക്കുന്ന 44.73 കോടി രൂപയിൽ 29.53 കോടി രൂപ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റും 15.20 കോടി രൂപ പ്രവർത്തന മൂലധനവുമാണെന്നും ധനസഹായം ലഭ്യമായതിനുശേഷം 9 മാസക്കാലംകൂടി പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 453 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 12 ടെക്സ്റ്റയിൽ മില്ലുകൾക്ക് അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിന് വേണ്ടിയാണ് കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതെന്നും നിലവിൽ മില്ലുകൾ എല്ലാം തന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിപണിയിലെ അനുകൂല സാഹചര്യങ്ങൾക്കനുസൃതമായി അസംസ്കൃത വസ്തുക്കൾ വാങ്ങി പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ 3000 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ പേര് 'കെ.എസ്.ടി.സി.യുടേയും ടെക്സ്ഫെഡിന്റെയും കീഴിലുള്ള എല്ലാ ടെക്സ്റ്റയിൽ മില്ലുകൾക്കും കോട്ടൺ വാങ്ങുന്നതിനുള്ള കോർപ്പസ് ഫണ്ട് ' എന്നാക്കി തിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

57. നന്ദകുമാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ടെക്സ്റ്റയിൽ മില്ലുകളുടെ സമഗ്ര പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4500 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 19151 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-86—ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

58. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ നവീകരണ വിപുലീകരണ പദ്ധതികളുടെ ഭാഗമായി തടിയുടെ വേസ്റ്റിൽ നിന്നും പാർട്ടിക്കിൾ ബോർഡ് നിർമ്മിക്കുന്നതിനുള്ള ഉൽപ്പാദന സൗകര്യം ഏർപ്പെടുത്തുന്നതിനായുള്ള പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-79—കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 950 ലക്ഷം രൂപ (പ്ലാൻ)

59. പരിസ്ഥിതി മലിനീകരണപ്രശ്നം മൂലം കേരള ക്ലേയ്സ് ആന്റ് സെറാമിക് ലിമിറ്റഡിന്റെ 5 യൂണിറ്റുകളിൽ 3 യൂണിറ്റുകളുടെയും പ്രവർത്തനം നിർത്തി വച്ചിരിക്കുകയാണെന്നും കമ്പനിയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ക്ഷീരോല്പാദന പദ്ധതി നടപ്പിലാക്കാൻ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിച്ചിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 68 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6885-60-190-99—കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

60. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിലും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാൻ സർക്കാർ അനുമതി നൽകിയ ഭൂമിയുടെ ഏകദേശ വില നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 25000 ലക്ഷം രൂപ (പ്ലാൻ) അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ

61. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയ്ക്ക് എൻ.സി.ഡി.സി. പദ്ധതിയുടെ കീഴിൽ 150 ലക്ഷം രൂപ വീതം 6851-00-109-74 എന്ന ശീർഷകത്തിൽ വകയിരുത്തിയതായും എന്നാൽ മേൽ സ്പിന്നിംഗ് മില്ലുകളുടെ എൻ.സി.ഡി.സി. ധനസഹായ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആകയാൽ മലപ്പുറം, കണ്ണൂർ സ്പിന്നിംഗ് മില്ലുകൾക്കുള്ള ധനസഹായ പദ്ധതിയിൽ 'എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള പദ്ധതി' എന്ന ഭാഗം ഒഴിവാക്കി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. സി. മൊയ്തീൻ
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2018, ഫെബ്രുവരി 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.